# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

(സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ)

(ഹാജർ.ശ്രീമതി.അനുപമ റ്റി.വി. ഐ.എ.എസ്., വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി, SCPS)

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐ.സി.പി.എസ് - പാലക്കാട് ജില്ലാ ശിശു സംരക്ഷ യുണിറ്റിനു 2020-21 സാമ്പത്തിക വർഷത്തെ വിജ്ഞാന ദീപ്തി സ്റ്റേറ്റ് സ്പോൺസർഷിപ്പ് തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം : (1) 30.06.2020 ലെ സർക്കാർ ഉത്തരവ് നമ്പർ. G.O.(Rt) No.306/2020/SJD
(2) 03.11.2020 ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്
(3) 03.11.2020 ലെ പാലക്കാട് ഡി.സി.പി.ഒ.യുടെ കത്ത് നമ്പർ-ഡി.സി.പി.യു/പി.കെ.ഡി/എഫ്/69/16
(4) 12.11.2020 ലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നമ്പർ ICPS 4(C)/0722/20 തീയതി : 03.12.2020

വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളായ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് പരാമർശം (1) പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ വിജ്ഞാന ദീപ്തി പദ്ധതിക്കായി അകെ 2,35,20,000/- രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പരാമർശം (2) പ്രകാരം പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്ക് വി ജ്ഞാന ദീപ്തി പദ്ധതി പ്രകാരം ആകെ 1,96,68,000/-രൂപ അനുവദിച്ച് ഉത്തരവായിരുന്നു. സൂചന (3) പ്രകാരം പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ വിജ്ഞാന ദീപ്തി പദ്ധതിക്കായി ആകെ 14,06,000/- രൂപ അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം പാലക്കാട് ജില്ലയ്ക്ക് വിജ്ഞാനദീപ്തി സ്റ്റേറ്റ് സ്പോൺസർഷിപ്പ് പ്രകാരം തുക അനുവദിച്ച് ഉത്തരവായിരുന്നു.

ടി ഉത്തരവ് അലോട്ട്മെന്റിൽ സമർപ്പിച്ചപ്പോൾ ടി ശീർഷകത്തിൽപാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ആവശ്യപ്പെട്ട തുക മാറുന്നതിനുള്ള ഫണ്ട് നിലവിൽ അപര്യാപ്തമാണ് എന്നറിയിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ അപേക്ഷ പരിഗണിച്ച് പരാമർശം (1) പ്രകാരം വിജ്ഞാനദീപ്തിക്കായി ഭരണാനുമതി ലഭിച്ച തുകയിൽ നിന്നും ചുവടെ ചേർക്കും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു. ബാക്കി തുക ടി ശീർഷകത്തിൽ തുക ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതായിരിക്കും.

| ക്രമ നമ്പർ | അനുവദിക്കേണ്ട ജില്ല | കുട്ടികളുടെ എണ്ണം | അനുവദിക്കേണ്ട തുക |
|---|---|---|---|
| 1 | ജില്ലാ വനിത ശിശു വികസന ഓഫീസർ, പാലക്കാട്. | 71 | 10,00,000/- |
| | ആകെ തുക | **10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)** | |

മേൽപട്ടിക പ്രകാരം വിജ്ഞാനദീപ്തി സ്റ്റേറ്റ് സ്പോൺസർഷിപ്പ് പദ്ധതിക്കായി ആകെ **10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം)** ഐ.സി.പി.എസ്.ൻെറ ശീർഷകമായ **2235 – 02 – 102 – 36 - (P) 02** നിന്നും വഹിയ്ക്കുന്നതിനായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു. അതാതു വനിത ശിശു വികസന ഓഫീസർ മുഖാന്തിരം ടി തുക അതാതു ഡി.സി.പി.ഒ. മാർക്ക് അലോട്ട്മെന്റായി അനുവദിക്കേണ്ടതാണ്.

പാലക്കാട് ജില്ലാ ശിശു സംരക്ഷണ ഓഫീസർ ഐ.സി.പി.എസ്. പദ്ധതി പ്രകാരം സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ പദ്ധതിക്ക് അനുവദിച്ച പത്ത് ലക്ഷം രൂപയിൽ അധികരിച്ചു വരുന്ന തുക മാത്രമേ വിജ്ഞാനദീപ്തി പദ്ധതിക്കായി വിനിയോഗിക്കാവു. ആയതിൻെറ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഡി.സി.പി.ഒ. ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**വനിത ശിശു വികസന ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി,SCPS**

പകർപ്പ്:

1. ജില്ലാ വനിത ശിശു വികസന ഓഫീസർ (പാലക്കാട്)
2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർ (പാലക്കാട്)
3. സൂപ്രണ്ട് എ സെഷൻ, വനിത ശിശു വികസന ഡയറക്ടറേറ്റ്,
4. ICPS 4
5. സ്റ്റോക്ക്ഫയൽ
6. Website ,

**ഉത്തരവിൻ പ്രകാരം**

**പ്രോഗ്രാം മാനേജർ**